സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗിന്റെ റിപ്പോർട്ട്

11 (*101) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ മേഖലയിൽ സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങളിൽ പഠന നിലവാരം കുറഞ്ഞു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ അഞ്ച് ജില്ലകളാണ് എസ്.സി.ഇ.ആർ.ടി. പഠനത്തിനായി തെരഞ്ഞെടുത്തത്. നാലാം ക്ലാസിലെയും ഏഴാം ക്ലാസിലെയും കുട്ടികളുടെ നിലവാരമാണ് പഠനത്തിന് വിധേയമാക്കിയത്. നിലവിലുള്ള ഗ്രേഡിംഗിന് ഉപയോഗിക്കുന്ന അഞ്ച് പോയിന്റ് ഗ്രേഡിംഗ് രീതിയാണ് ഈ പഠനത്തിനും സ്വീകരിച്ചത്. ഇംഗ്ലീഷ്, മലയാളം, സയൻസ്, കണക്ക് എന്നീ വിഷയങ്ങളാണ് പഠനവിധേയമാക്കിയത്. ഇംഗ്ലീഷിലും മലയാളത്തിലും റീഡിംഗ്, റൈറ്റിംഗ്, വ്യാകരണം, പദപരിചയം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയുള്ള ചോദ്യപേപ്പറും കണക്കിൽ അരിത്തമെറ്റിക്സ്, ജ്യോമട്രി, സമയം, നമ്പർ എന്നീ ഘടകങ്ങളുമാണ് പഠനത്തിനായി ഉപയോഗിച്ചത്. നാലാം ക്ലാസിൽ 20 മാർക്കിന് ഒരു മണിക്കൂർ കൊണ്ട് ചെയ്യാവുന്നതും, 7-ാം ക്ലാസിൽ 25 മാർക്കിന് 40 മിനിട്ട് കൊണ്ട് ചെയ്യാവുന്നതരത്തിലും ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. 5 ജില്ലകളിൽനിന്നും 2500-ഓളം കുട്ടികളെയാണ് പഠനവിധേയമാക്കിയത്. സ്റ്റാൻഡേർഡൈസ്ഡ് അച്ചീവ്മെന്റ് ടെസ്റ്റാണ് പഠനത്തിനായുപയോഗിച്ചത്. പഠനത്തിന്റെ കൂടുതൽ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) പ്രൈമറി, അപ്പർ പ്രൈമറി, വിഭാഗങ്ങളിൽ പഠന നിലവാരം കുറഞ്ഞു വരുന്നതായി പഠന റിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly